(2) വിഴിഞ്ഞം, പൂവ്വാർ ഡിപ്പോകളിൽനിന്നും ബസ് സർവ്വീസ് നടത്തുന്ന റൂട്ടുകളിലെ യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

[അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. എൻ. ശക്തൻനാടാർ : സർ, എന്റെ നിയോജക മണ്ഡലത്തിലെ ട്രാൻസ്പോർട്ട് ബസ് യാത്രക്കാർ ഇന്നനുഭവിക്കുന്ന രൂക്ഷമായ യാത്രാക്ലേശം ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒരു റൂട്ടിൽതന്നെ തുടർച്ചയായി മൂന്നും നാലും ട്രിപ്പുകൾ ക്യാൻസൽ ചെയ്യുന്ന ദയനീയമായ സ്ഥിതിയാണ് ഇന്നവിടെയുള്ളത്. രണ്ടും മൂന്നും മണിക്കൂറുകൾ ഒരു സ്ഥലത്ത് ബസ് കാത്ത് നിന്നാൽപോലും ബസ് ലഭിക്കാത്ത ദയനീയ സ്ഥിതിയാണ്. വിദ്യാർത്ഥികൾക്ക് കോളേജിൽ പോകുന്നതിനും തിരിച്ചുവരുന്നതിനും ഇന്ന് വളരെ ബുദ്ധിമുട്ടാണ്. പെൺകുട്ടികൾ കോളേജിൽപോയിട്ട് രാത്രിയായാലും തിരിച്ചുവരുന്നതിന് കഴിയാത്തതു കാരണം രക്ഷകർത്താക്കൾ രാത്രി റോഡിൽ കാത്തിരിക്കേണ്ട സ്ഥിതിയാണ്. സർക്കാരുദ്യോഗസ്ഥർ ആഫീസുകളിൽ വളരെ താമസിച്ച് എത്തുന്നതു കാരണം ഇപ്പോൾ ലോസ് ഓഫ് പേയിൽ ലീവെടുത്ത് അവരുടെ ശമ്പളം പകുതിയായി കുറഞ്ഞിരിക്കുന്നു. മറ്റ് യാത്രക്കാരുടെയും യാത്രാക്ലേശത്തെപ്പറ്റി എത്ര വിശദീകരിച്ചാലും ശരിയാകുകയില്ല. വിഴിഞ്ഞം ഡിപ്പോയിലേയും പൂവ്വാർ ഡിപ്പോയിലേയും ബസ്സുകളാണ് എന്റെ നിയോജകമണ്ഡലത്തിൽ പ്രധാനമായും സർവ്വീസുകൾ നടത്തുന്നത്. വിഴിഞ്ഞം ഡിപ്പോയിൽ 62 ഷെഡ്യൂളുകളാണ് ഇപ്പോഴുള്ളത്. ഇതിൽ 32, 33 ഷെഡ്യൂളുകൾ മാത്രമേ ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നുള്ളു. ഇത് തന്നെ പൂർണ്ണമായുമില്ല. 62 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യണമെന്നുണ്ടെങ്കിൽ 70 ബസ്സുകൾ വേണം. വിഴിഞ്ഞത്താകെയുള്ളത് വെറും 53 ബസ്സുകളാണ്. ഇതിൽ 12 എണ്ണം അവിടെ വർക്ക്ഷോപ്പിലും 3 ബസ്സുകൾ മറ്റ് വർക്ക് ഷോപ്പിലുമായി അങ്ങനെ 15 ബസ്സുകൾ വർക്ക് ഷോപ്പിൽ കിടക്കുകയാണ്. 62 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് 70 ബസ്സുകൾ ആവശ്യമുള്ളപ്പോൾ വെറും 38 ബസ്സുകളാണ് ഇന്നവിടെയുള്ളത്. 12 ഫാസ്റ്റ് പാസഞ്ചർ സർവീസുകളിൽ 5 ഫാസ്റ്റ് പാസഞ്ചർ സർവീസുകൾ സ്ഥിരമായി നിർത്തിയിരിക്കുന്നു. 93 മെക്കാനിക്കൽ സ്റ്റാഫ് അവിടെ ആവശ്യമുണ്ട്, എന്നാൽ ഇന്നവിടെ ആകെയുള്ളത് വെറും 55 മെക്കാനിക്കൽ സ്റ്റാഫാണ്. അതുകൊണ്ട് വർക്ക് ഷോപ്പിൽ കയറിയ ബസ്സുകൾ ജോലി ചെയ്തിറക്കുന്നതിന് കഴിയുന്നില്ല. ഒരു ദിവസം 60,000 രൂപ വരുമാനമുണ്ടായിരുന്ന വിഴിഞ്ഞം ഡിപ്പോയിൽ ഇന്ന് 40,000 രൂപയായി കുറഞ്ഞിരിക്കുന്നു. പൂവ്വാർ ഡിപ്പോയെ സംബന്ധിച്ച് അവിടെ 54 ഷെഡ്യൂളുകളാണുള്ളത്. അതിന് 61 ബസ്സുകൾ വേണം, അവിടെയാകെ കൊടുത്തിട്ടുള്ളത് വെറും 49 ബസ്സുകളാണ്. ഇതിൽ 10 ബസ്സുകൾ ഇപ്പോൾ വർക്ക്ഷോപ്പിലാണ്. 54 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് 61 ബസ്സുകൾ ആവശ്യമുള്ളപ്പോൾ അവിടെയുള്ളത് വെറും 39 ബസ്സുകൾ മാത്രമാണ്. അവിടെ 34 ഷെഡ്യൂളുകൾ മാത്രമേ ഒരു ദിവസം ഓപ്പറേറ്റ് ചെയ്യാൻ കഴിയുന്നുള്ളു. ഈ രണ്ട് ഡിപ്പോയിലും കൂടി 2 വർഷത്തിനകത്ത് ഒരു പുതിയ ബസ് പോലും അനുവദിച്ചിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. 20 ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ ഉണ്ടായിരുന്നിട്ടും ഈ 2 വർഷത്തിനകത്ത് ഒറ്റ പുതിയ ബസ്പോലും അനുവദിക്കാത്തത് കാരണം യാത്രാക്ലേശം വളരെയധികം വർദ്ധിച്ചിരിക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി വിഴിഞ്ഞം ഡിപ്പോയിലും പൂവ്വാർ ഡിപ്പോയിലും കുറവുള്ള ബസ്സുകൾ നൽകുകയും, വർക്ക്ഷോപ്പിൽ കിടക്കുന്ന ബസ്സുകൾ നന്നാക്കി ഇറക്കുകയും സ്പെയർപാർട്ട്സും ആവശ്യമായ ടയറും

LIBRARY ARCHIVES Kerala Legislative Assembly

അടിയന്തിരമായി നൽകുകയും ചെയ്യണം. അവിടെയുള്ള യാത്രാക്ലേശം പരിഹരിക്കുന്നതിന് പുതിയ ബസ്സുകളും കൂടുതൽ കൊടുക്കാൻ കഴിയുന്നതുവരെ അടിയന്തിരമായി റീകണ്ടീഷൻ ചെയ്ത ബസ്സുകളെങ്കിലും കൊടുക്കണം. ഇന്നവിടെ സർവ്വീസ് 50%-ൽ താഴെ എത്തിയിരിക്കുന്ന ഈ സ്ഥിതിയിൽനിന്ന് അതൊന്ന് 80% ആക്കി എങ്കിലും ഉയർത്തണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ കഴിഞ്ഞ രണ്ട് വർഷത്തിനകത്ത് പുതിയ ബസ്സുകളൊന്നും അവിടെ കൊടുത്തില്ല എന്നുള്ളതുകൊണ്ട് 20 ഫാസ്റ്റ് പാസഞ്ചർ സർവ്വീസുള്ള സാഹചര്യത്തിൽ അടിയന്തിരമായി 20 പുതിയ ബസ്സുകളെങ്കിലും നൽകണമെന്ന് ബഹുമാനപ്പെട്ട ഗതാഗത വകുപ്പ് മന്ത്രിയോട് ഞാനഭ്യർത്ഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ, വിഴിഞ്ഞം ഡിപ്പോയിൽ 64 ഷെഡ്യൂളുകളും, പൂവ്വാർ ഡിപ്പോയിൽ 54 ഷെഡ്യൂളുകളുമാണുള്ളത്. വിഴിഞ്ഞം ഡിപ്പോയിൽ 53 ബസ്സുകളും പൂവ്വാർ ഡിപ്പോയിൽ 54 ബസ്സുകളുമാണുള്ളത്. അതിൽ വിഴിഞ്ഞം ഡിപ്പോയിൽ 18 ബസ്സുകളും പൂവ്വാർ ഡിപ്പോയിൽ 16 ബസ്സുകളും അറ്റകുറ്റ പണികൾക്കായി വർക്ക്ഷോപ്പിൽ കയറ്റിയിരിക്കുന്നു. വിഴിഞ്ഞത്തു തന്നെ 18 വണ്ടികൾ വർക്ക്ഷോപ്പിൽ കയറ്റിയിരിക്കുന്നതിൽ 13 എണ്ണം ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുവേണ്ടി കയറ്റിയിരിക്കുന്നതാണ്. അത് ഒരാഴ്ചയ്ക്കകം റോഡിൽ ഇറക്കാൻ കഴിയും. അപ്പോൾ വിഴിഞ്ഞത്തെ സംബന്ധിച്ചിടത്തോളം 13 വണ്ടികൾ വളരെ പെട്ടെന്ന് റോഡിലിറക്കാൻ കഴിയുന്നതാണ്. അതുപോലെതന്നെ പൂവ്വാറിൽ വർക്ക്ഷോപ്പിൽ കയറ്റിയിരുന്ന 16 വണ്ടികളിൽ ഭൂരിപക്ഷം വണ്ടികളും ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുവേണ്ടി കയറ്റിയിരിക്കുന്നതാണ്. അറ്റകുറ്റപണികൾ കഴിയുകയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ടെസ്റ്റ് കഴിയുകയും ചെയ്താൽ മാത്രമേ വണ്ടികളിൽ നമുക്ക് യാത്രക്കാരെ കൊണ്ടുപോകാൻ കഴിയുകയുള്ളു. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് ആ നിയമം വളരെ കർക്കശമായി നടപ്പിലാക്കുന്നതുകൊണ്ട് കെ. എസ്. ആർ. റ്റി. സി. അതിനോടു സഹകരിച്ച് നടപടികളുമായി മുന്നോട്ടു പോകുകയാണ്. വിഴിഞ്ഞം ഡിപ്പോയിൽ "എ" സീരിസിൽ 16 ബസ്സുകളും "എൻ" സീരിസിൽ 21 ബസ്സുകളും. "എസ്" സീരിസിൽ 16 ബസ്സുകളുമാണുള്ളത്. ഇത് വച്ചുനോക്കുമ്പോൾ "എ" സീരിസിലുള്ളത് പഴയ ബസ്സുകളാണെന്നു സമ്മതിക്കുന്നു. അവിടെ നിന്ന് ഓപ്പറേറ്റ് ചെയ്യുന്നത് 2 ഇൻറർ-സ്റ്റേറ്റ് സർവ്വീസുകളും 16 ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളും 37 ഓർഡിനറി സർവ്വീസുകളുമാണ്. തിരുവനന്തപുരം-വിഴിഞ്ഞം, തിരുവനന്തപുരം-ബാലരാമപുരം-വിഴിഞ്ഞം, വിഴിഞ്ഞം-ബാലരാമപുരം, വിഴിഞ്ഞം-പൂവ്വാർ എന്നീ റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതുകൊണ്ട് ഇപ്പോൾ വർക്ക്ഷോപ്പിലുള്ളതായ വണ്ടികൾ ഉടനെ റോഡിൽ ഇറക്കികൊടുക്കാൻ കഴിഞ്ഞാൽ വിഴിഞ്ഞത്തേയും പൂവ്വാറിലേയും യാത്രാക്ലേശം പരിഹരിക്കാൻ കഴിയും. ഇത് വിഴിഞ്ഞത്തേയും പൂവ്വാറിലേയും മാത്രം അനുഭവമല്ല. അങ്ങനെയല്ലെങ്കിൽ പ്രതികരിക്കുമല്ല. നമ്മുടെ സംസ്ഥാനത്ത് 3170 ഷെഡ്യൂളുകളുണ്ട്. ഈ 3170 ഷെഡ്യൂളുകളും ഓടിക്കണമെങ്കിൽ 15% സ്പെയർ ബസ്സുകളുമടക്കം 3645 ബസ്സുകളും ആവശ്യമാണ്. ഇന്ന് കെ.എസ്.ആർ.ടി.സി.യുടെ കൈവശം, റോഡിലിറക്കി ഓടിക്കാൻ കഴിയുന്ന 2990 ബസ്സുകളെയുള്ളു. ചുരുക്കത്തിൽ 655 പുതിയ ബസ്സുകൾകൂടി വാങ്ങിക്കാൻ കഴിയുന്നൊരു സാഹചര്യത്തിൽ മാത്രമേ നമ്മുടെ സംസ്ഥാനത്ത് ഏറെറടുത്തിട്ടുള്ള ഈ 3170 സർവ്വീസുകളും ഓടിക്കാൻ കഴിയുകയുള്ളു. കെ.എസ്.ആർ.ടി.സി.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

LIBRARY ARCHIVES Kerala Legislative Assembly

ആത്മാർത്ഥമായി ഈ യാത്രാക്ലേശങ്ങൾ പരിഹരിക്കുന്നതിനു
10 A.M. വേണ്ടി ശ്രമിക്കുകയാണ്. പുതിയ ബസ്സുകളൊന്നും കിട്ടി
യിട്ടില്ലെന്ന് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചു.
വിഴിഞ്ഞത്തുനിന്ന് വളരെ ഷോർട്ട് ഡിസ്റ്റൻസ് ഉള്ള സർവ്വീസുകൾ
മാത്രമാണ് നടക്കുന്നത്. രണ്ട് ഇൻറർ-സ്റ്റേറ്റ് സർവ്വീസുകൾ ഒഴിച്ചാൽ
വിഴിഞ്ഞം-തിരുവനന്തപുരം, വിഴിഞ്ഞം-ബാലരാമപുരം, വിഴിഞ്ഞം-പൂവ്വാർ
റൂട്ടുകളിൽ ഓടുന്ന വണ്ടികളാണ്. പുതിയ ബസ്സുകൾ ഇറക്കുമ്പോൾ
ആക്സിഡൻറ് മൂലം വളരെയധികം കേടുപാടുകൾ സംഭവിച്ച ഫാസ്റ്റ്
പാസഞ്ചർ ബസ്സുകളും 'എക്സ്പ്രസ്' ബസ്സുകളും റീ പ്ലെയിസ്
ചെയ്യുവാനും അതുപോലെതന്നെ ഇൻറർ സ്റ്റേറ്റ് സർവ്വീസ് പോകുന്ന
ബസ്സുകൾ റീപ്ലെയിസ് ചെയ്യുവാനും അഞ്ചുലക്ഷത്തിലധികം കിലോ
മീറ്റർ ദൂരം ഓടിയിട്ടുള്ള വണ്ടികൾ റീപ്ലെയിസ് ചെയ്യുവാനുമാണ്
പുതിയ വണ്ടികൾ ഉപയോഗപ്പെടുത്തുന്നത്. പത്തുമുപ്പതു കിലോമീറ്റർ
സർവ്വീസ് മാത്രമുള്ള ഷട്ടിൽ സർവ്വീസുപോലുള്ള റൂട്ടുകളിൽ വണ്ടികൾ
മാറ്റി പുതിയ വണ്ടികൾ ഓടിപ്പിക്കുകയെന്നതിനുപകരം വളരെയധികം
പരിക്കുപറ്റിയിട്ടുള്ള, ആക്സിഡൻറുമൂലം കേടുവന്ന വണ്ടികളും അതു
പോലെതന്നെ അഞ്ചുലക്ഷത്തിലധികം കിലോമീറ്റർദൂരം ഓടിയിട്ടുള്ള വണ്ടി
കളും ഇൻറർ-സ്റ്റേറ്റ് വണ്ടികളും റീ പ്ലെയിസ് ചെയ്യുന്ന ഒരു നയമാണ്
സ്വീകരിച്ചിട്ടുള്ളത്. എത്രയിരുന്നാലും വിഴിഞ്ഞത്തെയും പൂവ്വാറിലെയും
കാര്യത്തെ സംബന്ധിച്ചിടത്തോളം സത്വരമായ ശ്രദ്ധ കെ. എസ്. ആർ. ടി.
സി. പതിപ്പിക്കുന്നതാണ്.

ശ്രീ. എൻ. ശക്തൻ നാടാർ : വളരെ പഴക്കം ചെന്ന ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ഇന്നിവിടെ ഉപയോഗിക്കുന്നുവെന്നുള്ളത് കണക്കിലെടുത്തു കൊണ്ട് അടിയന്തിരമായി വളരെ പഴക്കംചെന്ന ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ മാറ്റി പുതിയ ബസ്സുകൾ കൊടുക്കുന്നതിനും പകുതിയിൽ താഴെ ഏതാണ്ട് 50 ശതമാനം ട്രിപ്പുകൾ മാത്രമേ ഇന്ന് ഓപ്പറേറ്റ് ചെയ്യുന്നുള്ളുവെന്നത് കണക്കിലെടുത്തുകൊണ്ട് ഒരു 80 ശതമാനം ട്രിപ്പുകളെങ്കിലും ഓപ്പറേറ്റുചെയ്യുന്നതിനും ഒരാഴ്ചയ്ക്കകം അടിയന്തിര നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : വിഴിഞ്ഞം-തിരുവനന്തപുരം, വിഴിഞ്ഞം-ബാലരാമപുരം, വിഴിഞ്ഞം-പൂവാർ എന്നീ റൂട്ടുകൾ 40 കിലോമീറ്ററിൽ ചുരുക്കം ഓടുന്ന റൂട്ടുകളാണ്. ഈ റൂട്ടുകളിൽ ഓടുന്ന വണ്ടികളിലൊന്നും തന്നെ പുതിയ ബസ്സുകൾ ഇട്ട് റീ പ്ലെയിസ് ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. അഞ്ചുലക്ഷം കിലോമീറ്ററിലധികം ദൂരമോടുന്ന വണ്ടികളുണ്ടെങ്കിൽ, ഇൻറർ-സ്റ്റേറ്റ് വണ്ടികളുംപ്പെടെയുണ്ടെങ്കിൽ അത് പരിശോധിക്കുന്നതാണ്.

IV സബ്മിഷൻ

(1) മാവൂർ ഗ്വാളിയർ റയോൺസിലെ സമരം

ശ്രീ. കെ. പി. രാമൻ : സർ, ഞാനടക്കമുള്ള പല മെമ്പർമാരും മുമ്പ് പലപ്പോഴായി ഈ നിയമസഭയിൽ ഉന്നയിച്ചിട്ടുള്ള കാര്യമാണ് ഞാൻ വേദനയോടുകൂടി വീണ്ടും ആവർത്തിക്കാൻ ആഗ്രഹിക്കുന്നത്. അങ്ങ് ഇത് പ്രത്യേകം ശ്രദ്ധിക്കണം. മാവൂർ ഗ്വാളിയർ റയോൺസ് അടച്ചു പൂട്ടിയിട്ട് ഇന്നത്തേക്ക് ഒരു വർഷവും നാലുമാസവുമായിക്കഴിഞ്ഞിരിക്കുകയാണ്. ഈ കമ്പനിയുമായി നേരിട്ടും അല്ലാതെയും ബന്ധമുള്ള

LIBRARY ARCHIVES Kerala Legislative Assembly